പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1839 **26-10-2026-ൽ മറുപടിയ്ക്ക്**

പി.എസ്.സി. നിയമന ക്രമക്കേടുകൾ.

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. രാജീവ് ചന്ദ്രശേഖർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിലും റാങ്ക് ലിസ്റ്റുകളിലും നിയമനപ്രക്രിയകളിലും ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് കാട്ടി ഉദ്യോഗാർത്ഥികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: പി.എസ്.സി യിലെ ക്രമക്കേടുകൾ സംബന്ധിച്ച് നാളിതുവരെ 180 പരാതികൾ ലഭിക്കുകയും ആയവ വിശദമായി പരിശോധിച്ച് അന്വേഷണം നടത്തി വരുന്നതും കൂടാതെ, പ്ലാനിങ്ങ് ബോർഡിന് കീഴിലുള്ള ചീഫ് (Industry & Infrastructure) തസ്തികയിലേക്ക് നടന്ന പരീക്ഷ സംബന്ധിച്ച പരാതിയിന്മേൽ ക്രൈം ബ്രാഞ്ച് പോലീസ് സ്റ്റേഷൻ ക്രൈം 1505/2026, U/s 316(5) of BNS 2023 & Sec 7(c), 13(1)(a) of PREVENTION OF CORRUPTION ACT 1988 (Amended Act 2018) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടർന്ന് വരുന്നതുമാണ്

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാതിരിക്കൽ,താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തൽ,പരീക്ഷാ തട്ടിപ്പുകൾ എന്നിവ സംബന്ധിച്ചു ലഭിച്ച പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പി.എസ്.സി. നിയമനപ്രക്രിയകളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും വിവിധ വകുപ്പുകളിൽ ഒഴിവുള്ള തസ്തികകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പിക്കുന്നതിനും ഡിജിറ്റൽ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

മറുപടി: 01.08.2022 മുതൽ പി.എസ്.സി യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് ഇ-വേക്കൻസി സോഫ്റ്റ് വെയർ എന്ന ഓൺ-ലൈൻ സംവിധാനത്തിലൂടെയാണ്. ഈ ഓൺ-ലൈൻ സംവിധാനത്തിലൂടെ കാലതാമസമുണ്ടാകാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് നിയമനശിപാർശ നൽകുന്നതിലേക്കായി ഇ-റൊട്ടേഷൻ സോഫ്റ്റ്വെയർ നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികൾക്കുള്ള നിയമന ശിപാർശ കത്ത് കാലതാമസം കൂടാതെ അവരുടെ പ്രൊഫൈൽ മുഖേന ലഭ്യമാകുന്നു.

(ഡി) ഉദ്യോഗാർത്ഥികൾ ഉയർത്തിയ പ്രധാന ആവശ്യങ്ങളും പരാതികളും പരിശോധിക്കുന്നതിന് പ്രത്യേക അന്വേഷണമോ ഉന്നതതല യോഗമോ വിളിച്ചുചേർക്കാൻ തയ്യാറുണ്ടോ;എങ്കിൽ സ്വീകരിച്ച നടപടികളും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ?

<u>മറുപടി:</u> ഉദ്യോഗാർത്ഥികൾ ഉയർത്തിയ പ്രധാന ആവശ്യങ്ങളും പരാതികളും സംബന്ധിച്ച് അന്വേഷണം തുടർന്ന് വരുന്നു.

സെക്ഷൻ ഓഫീസർ